**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ മേഖലയെ ബാധിക്കുന്ന രീതിയിൽ കേന്ദ്രസർക്കാരും റിസർവ്വ് ബാങ്കും എന്തെങ്കിലും നിബന്ധനകളോ നിയന്ത്രണങ്ങളോ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾ 'Bank, Banker, Banking' എന്നീ പദങ്ങൾ അവയുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളതും ഇടപാടുകാർക്ക് ചെക്ക് പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കാനാവാത്തതുമാണ്. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയത് വഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും കാരണമാകും. പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ 10 ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B) യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്. സെക്ഷൻ 12 ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ |

| | | | |
|---|---|---|---|
| | | | ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്. ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം, ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ RBI-യ്ക്ക് അധികാരമുണ്ട്. നിയമഭേദഗതിയിലൂടെ 36 AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണസമിതിക്കെതിരെ നടപടിയെടുക്കാനും ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാനും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. ആക്ടിന്റെ 56-ം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ RBI-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും RBI-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 26, 45 വകുപ്പുകളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. 97 മത് ഭരണ ഘടന ഭേദഗതി, ബാങ്കിംഗ് റഗുലേഷൻ നിയമ ഭേദഗതി, ആദായ നികുതിയുമായി ബന്ധപ്പെട്ട ഭേദഗതികൾ എന്നിവ മൂലം സഹകരണ മേഖലയിൽ നടക്കുന്ന ഇടപെടലുകൾ സഹകരണ സംഘങ്ങളുടെ സ്വതന്ത്രമായ പ്രവർത്തനങ്ങളിൽ പലതരത്തിലുള്ള ഇടപെടലുകൾ ഉണ്ടാകുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്നത് മൂലം സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ദുർബലപ്പെടുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. |
| (ബി) | ഇപ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിനെ മറികടക്കുന്നതിനുവേണ്ട എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ബാങ്കിംഗ് നിയമ(ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദതി വേണമെന്ന് 14-ം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള |

| | | | |
|---|---|---|---|
| | | | പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ